2026
MAY
12
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# സംസ്ഥാനങ്ങൾ ഫ്ളഡ് ക്രൈസിസ് മാനേജ്മെന്റ് ടീമുകൾ രൂപീകരിക്കണം




**ന്യൂഡൽഹി:** രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ഫ്ളഡ് ക്രൈസിസ് മാനേജ്മെന്റ് ടീമുകൾ രൂപീകരിക്കുകയും അവ പ്രവർത്തനസജ്ജമാക്കുകയും ചെയ്യണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. പ്രളയ സാധ്യതകളേയും ഉഷ്ണതരംഗത്തേയും നേരിടാനുള്ള രാജ്യത്തിന്റെ തയ്യാറെടുപ്പുകൾ സംബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന സുപ്രധാന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദുരന്തനിവാരണത്തിനായി ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മികച്ച അവബോധത്തിനും ഗവണ്മെന്റ് സംവിധാനങ്ങളെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ സമീപനം വികസിപ്പിക്കുന്നതിനും കാരണമായതായി അദ്ദേഹം പറഞ്ഞു. എന്നാൽ സംസ്ഥാന, ജില്ലാ, മുനിസിപ്പൽ തലങ്ങളിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നത് അവയുടെ നടപ്പിലാക്കലിനെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു. കാട്ടുതീ, ഉഷ്ണതരംഗങ്ങൾ, പ്രളയം എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളും ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും എത്ര സംസ്ഥാനങ്ങൾ പാലിക്കുന്നുണ്ടെന്ന് വിലയിരുത്താൻ എൻഡിഎംഎ ഒരു പഠനം നടത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കാഷ്വാലിറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന ലക്ഷ്യം നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി പറഞ്ഞു. ജലസംഭരണികളിലൂടെയും ചെക്ക് ഡാമുകളിലൂടെയും ജലസംരക്ഷണത്തിനും ഭൂഗർഭജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനുമുള്ള കൂടുതൽ സാധ്യതകൾ തേടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. നദികളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലം സംരക്ഷിക്കുന്നതിനോടൊപ്പം ഉഷ്ണതരംഗങ്ങളുടെ ആഘാതം കുറയ്ക്കുക എന്നതും നമ്മുടെ ലക്ഷ്യമായിരിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ കൂടുതൽ ബഹുമുഖമാക്കാൻ CAMPA ഫണ്ട് പ്രയോജനപ്പെടുത്തണമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി കൂട്ടിച്ചേർത്തു.

കാലാവസ്ഥാ വ്യതിയാനം മൂലം മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ രീതികളേയും, അവയിൽ നിന്ന് ഉയർന്നുവരുന്ന ദുരന്തവുമായി ബന്ധപ്പെട്ട വെല്ലുവിളികളേയും നേരിടാൻ ഗവണ്മെന്റ് സംവിധാനങ്ങളുടെ ഏകോപനം, സാമൂഹിക പങ്കാളിത്തം എന്നീ സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഇതുമായി ബന്ധപ്പെട്ട് പുതിയ ആപ്പുകളും പോർട്ടലുകളും നിർമ്മിക്കുന്നതിന് പകരം നിലവിലുള്ളവ ഏകോപിപ്പിക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് യോഗത്തിൽ പങ്കെടുത്ത വിവിധ മന്ത്രാലയങ്ങളിലേയും വകുപ്പുകളിലേയും ഉദ്യോഗസ്ഥരോട് അദ്ദേഹം ആവശ്യപ്പെട്ടു.

കാലാവസ്ഥാ പ്രവചനങ്ങളും മുന്നറിയിപ്പുകളും വ്യാപകമായും ഫലപ്രദമായും ജനങ്ങളിലേക്ക് എത്തിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കാലവർഷ സമയത്തുണ്ടാകുന്ന നാശനഷ്ടങ്ങൾ, പ്രവചനങ്ങളുടെ കൃത്യത, കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ എന്നിവയെക്കുറിച്ച് പഠിച്ചുകൊണ്ട് വരാനിരിക്കുന്ന കാലവർഷത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ കൂടുതൽ മെച്ചപ്പെടുത്തണമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. കേന്ദ്ര ജലശക്തി മന്ത്രി സി. ആർ. പാട്ടീൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി, വിവിധ മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും, ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളും വകുപ്പ് മേധാവികളും, ദേശീയ ദുരന്ത നിവാരണ സേനയുടേയും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റേയും ഡയറക്ടർ ജനറൽമാർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, കേന്ദ്ര ജല കമ്മീഷൻ എന്നിവയുടെ അധ്യക്ഷന്മാർ, നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററിലെ മുതിർന്ന ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# സ്വർണ്ണവില ഇനിയും കുതിക്കും

## സുരക്ഷിത നിക്ഷേപമായി സ്വർണ്ണത്തെ കരുതാം: എ.കെ.ജി.എസ്.എം.എ

**കൊച്ചി:** ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങളും പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യങ്ങളും നിലനിൽക്കുന്ന പശ്ചാത്തലത്തിൽ സ്വർണ്ണവില ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നും, പ്രതിസന്ധികളിൽ സാധാരണക്കാരന്റെ ഏക ആശ്രയമായ സ്വർണ്ണ നിക്ഷേപത്തെ തള്ളിക്കളയാനാവില്ലെന്നും ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ). രാജ്യത്തിന്റെ വിദേശനാണ്യ ശേഖരം സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന പ്രധാനമന്ത്രിയുടെ ആഹ്വാനത്തെ സ്വാഗതം ചെയ്യുമ്പോഴും, സ്വർണ്ണ വിപണിയെ പൂർണ്ണമായി മാറ്റിനിർത്തുന്നത് പ്രായോഗികമല്ലെന്ന് സംഘടന അറിയിച്ചു. വിദേശനാണ്യ ചോർച്ച തടയാൻ സ്വർണ്ണം വാങ്ങുന്നത് ഒരു വർഷത്തേക്ക് നിർത്തിവെക്കണമെന്ന നിർദ്ദേശം സാധാരണക്കാരെ സംബന്ധിച്ച് പ്രയാസകരമാണ്. അസുഖങ്ങൾ, അപകടങ്ങൾ, മക്കളുടെ വിദ്യാഭ്യാസം തുടങ്ങി ജീവിതത്തിലുണ്ടാകുന്ന അപ്രതീക്ഷിത പ്രതിസന്ധികൾ മറികടക്കാൻ സാധാരണക്കാർ എന്നും ആശ്രയിക്കുന്നത് സ്വർണ്ണത്തെയാണ്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സുശക്തമായ അളവുകോൽ കൂടിയാണ് സ്വർണ്ണശേഖരം.






സ്വർണ്ണം വാങ്ങുന്നത് നിയന്ത്രിക്കുന്നതിലുപരി രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കായി പെട്രോൾ, ഡീസൽ ഉപയോഗം കുറയ്ക്കുക. സ്വകാര്യ വാഹനങ്ങൾക്ക് പകരം മെട്രോ, മറ്റ് പൊതുഗതാഗത സംവിധാനങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുക, അത്യാവശ്യമല്ലാത്ത വിദേശയാത്രകൾ ഒഴിവാക്കുക തുടങ്ങിയവ പ്രാവർത്തികമാക്കുന്നത് കുറച്ചുകൂടി നല്ലതായിരിക്കുമെന്ന് സംഘടന വിലയിരുത്തി.

ആഗോള വിപണിയിലെ പിരിമുറുക്കം തുടരുന്നതിനാൽ വരും ദിവസങ്ങളിലും സ്വർണ്ണവില വർധിക്കാനാണ് സാധ്യത. അതിനാൽ സ്വർണ്ണത്തെ ആഭരണമെന്നതിലുപരി ഒരു നിക്ഷേപമായി കണ്ട് അത്യാവശ്യത്തിന് വാങ്ങുന്നതിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് സംസ്ഥാന ചെയർമാൻ ഡോ. ബി. ഗോവിന്ദൻ, സംസ്ഥാന പ്രസിഡന്റ് ജസ്റ്റിൻ പാലത്തറ, ജനറൽ സെക്രട്ടറി കെ.എം. ജലീൽ എന്നിവർ സംയുക്ത പ്രസ്താവനയിലൂടെ നിലപാട് വ്യക്തമാക്കി.

# മെയ് മാസത്തിൽ കർഷകർക്ക് പാലിന് രണ്ട് രൂപ അധികവില നൽകും

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും രണ്ട് രൂപ വീതം പ്രോത്സാഹന വിലയായി അധികം നൽകുന്നതിന് ഭരണസമിതി യോഗം തീരുമാനിച്ചതായി ചെയർമാൻ സി.എൻ.വൽത്സലൻപിള്ള അറിയിച്ചു. മെയ്യ് 11 മുൽ 31 വരെ വരെയാണ് അധിക പ്രോത്സാഹന വില പ്രഖ്യാപിച്ചിരിക്കുന്നത്.

എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലെ 1000 ൽപരം വരുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **ചാവറ കൾച്ചറൽ സെന്റർ ഡോൾബി തിയറ്റർ** : കൊച്ചിൻ ഫിലിം സൊസൈറ്റിയും ചാവറ കൾച്ചറൽ സെന്ററും ചേർന്ന് നവാഗത സംവിധായകൻ രാഹുൽ രാജിന്റെ സിനിമ നിഴലാട്ടം വൈകിട്ട് 5.30ന് പ്രദർശിപ്പിക്കും.
- **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം** : ദക്ഷസ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക്കിന്റെ നൃത്തനൃത്യങ്ങൾ വൈകിട്ട് 6ന്.
- **എറണാകുളം സഹോദര സൗധത്തിൽ:** ശ്രീനാരായണ സേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഡോ. സുകുമാർ അഴീക്കോട് ജന്മശതാബ്ദി സമ്മേളനം. വൈകിട്ട് 3.00 മണി. ഉദ്ഘാടനം റിട്ട ജസ്റ്റിസ് വി.ജി. അരുൺ.

## ഏലൂർ

- **എസ് സി എസ് മേനോൻ ഹാൾ** : ബി എം എസ് ഏലൂർ മുൻസിപ്പൽ സമ്മേളനം വൈകിട്ട് 3.30ന് ബി എം എസ് സംസ്ഥാന വൈസ് പ്രസിഡന്റ് സി. ജി . ഗോപകുമാർ ഉദ്ഘാടനം ചെയ്യും. മുൻസിപ്പൽ സമിതി പ്രസിഡന്റ് ബിനു. ജി അധ്യക്ഷനാകും. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട്, ജോയിന്റ് സെക്രട്ടറി ഷിബു കെ.എസ്, മേഖല പ്രസിഡന്റ് എ. ഡി.അനിൽകുമാർ എന്നിവർ സംസാരിക്കും.

## കളമശ്ശേരി

- **കളമശ്ശേരി എസ് സി എം എസ് കോളജ്:** ടൈ വുമൺ കേരള ലോഞ്ച്- ഷീല കൊച്ചൗസേപ്പ്, നസ്നീൻ ജഹാംഗീർ, റാണി ജോൺ- വൈകിട്ട് 3 മണി

## പറവൂർ

- **നഗരസഭ ടൗൺഹാൾ** : കെ എസ് ബി എ ലേഡി ബ്യൂട്ടിഷ്യൻസ് അസോസിയേഷൻ 3 -ാമത് വാർഷിക സമ്മേളനം രാവിലെ 10ന് . സംസ്ഥാന പ്രസിഡന്റ് ശ്യാമ നായർ പതാക ഉയർത്തും. രാവിലെ 11ന് പ്രതിനിധി സമ്മേളനം സിനിമ നടി മഞ്ജു സതീഷ് ഉദ്ഘാടനം ചെയ്യും. കെഎസ്ബിഎ സംസ്ഥാന പ്രസിഡന്റ് കെ ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും.

## മുളന്തുരുത്തി

- **എസ്എൻഡിപി യോഗം ഗുരുധർമഗ്രാം ശാഖ ശ്രീനാരായണ ഗുരുദേവ വിശ്വധർമ ക്ഷേത്രം :** പ്രതിഷ്ഠാ വാർഷിക മഹോത്സവം - വൈകിട്ട് 7.30ന് കുടുംബയൂണിറ്റുകളുടെ കലാസന്ധ്യ.

# ഇത് ടീം എറണാകുളത്തിന്റെ വിജയം; ഇലക്ഷൻ ചുമതല വഹിച്ച ഉദ്യോഗസ്ഥർക്ക് അഭിനന്ദനം

**കൊച്ചി:** ജില്ലയിലെ നിയമസഭാ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ മികച്ച രീതിയിൽ പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ അഭിനന്ദിച്ച് ജില്ലാ കളക്ടർ ജി. പ്രിയങ്ക. ഒരു ടീം ആയി പ്രവർത്തിച്ചത് വഴിയാണ് കുറ്റമറ്റ രീതിയിൽ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായത് എന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു.

എസ്.ഐ.ആർ കഴിഞ്ഞുള്ള ആദ്യ തിരഞ്ഞെടുപ്പായിരുന്നു ഇത്. മാത്രമല്ല വളരെ കുറഞ്ഞ സമയമാണ് ലഭിച്ചത്. എങ്കിലും ഒരുപാട് പുതിയ കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. ഒരു ടീം എന്ന നിലയിൽ എല്ലാ ഉദ്യോഗസ്ഥരും വകുപ്പുകളും തന്നിക്കൊപ്പം ചേർന്ന് നിന്നതുകൊണ്ടാണ് സുഗമമായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ കഴിഞ്ഞതെന്നും എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നതായും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായിരുന്ന ജില്ലാ കളക്ടർ പറഞ്ഞു.

റിട്ടേണിംഗ് ഓഫീസർമാർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, വിവിധ ചുമതലകൾ വഹിച്ച നോഡൽ ഓഫീസർമാർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ചടങ്ങിൽ പ്രശസ്തിപത്രവും ഉപഹാരവും ജില്ലാ കളക്ടർ സമ്മാനിച്ചു. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ മുന്നിൽ നിന്ന് നയിച്ച ജില്ലാ കളക്ടറെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

## ഇലക്ഷൻ പാഴ് വസ്തുക്കളിൽ നിന്ന് ഉപഹാരം

**കൊച്ചി:** തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കിടയിൽ ഉല്പാദിപ്പിക്കപ്പെട്ട പാഴ് വസ്തുക്കൾ പുനരുപയോഗം ചെയ്തു, അതുകൊണ്ട് നിർമ്മിച്ച പ്രത്യേക ചെടിച്ചട്ടിയും ഇൻഡോർ പ്ലാന്റുമാണ് ഉദ്യോഗസ്ഥർക്ക് ഉപഹാരമായി നൽകിയത്. വളരെ മാതൃകാപരമായ പ്രവർത്തിയാണ് ഇതെന്നും ഇലക്ഷൻ കമ്മീഷനും ഈ ഉപഹാരം എത്തിച്ചു നൽകുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി. ജേക്കബ്, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ. എസ് ശ്രീകല തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഡോ. ഗോകുൽദാസിന്റെ പുസ്തകങ്ങൾ പ്രകാശനം ചെയ്തു



**കൊച്ചി:** സാഹിത്യലോകത്തിന് പുത്തൻ വായനാനുഭവങ്ങൾ സമ്മാനിച്ചുകൊണ്ട് ഡോ. ഗോകുൽദാസ് രചിച്ച രണ്ട് പുസ്തകങ്ങളുടെ പ്രകാശന കർമ്മം കൊച്ചിയിൽ നടന്നു. അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ അമൃതേശ്വരി ഹാളിൽ നടന്ന സമ്മേളനം സ്വാമി പൂർണ്ണാമൃതാനന്ദ പുരി ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും 'വിധിയുടെ വിനോദം' എന്ന ചെറുകഥാ സമാഹാരത്തിന്റെയും 'ആത്മാവിൻ രാഗം' എന്ന കവിതാ സമാഹാരത്തിന്റെയും ആദ്യപ്രതി പ്രകാശനം ചെയ്യുകയും ചെയ്തു. ഡോ. ഉഷാ മേനോൻ , പ്രശസ്ത സംവിധായകനും ഗാനരചയിതാവുമായ പാവുമ്പ മനോജ്, അഡ്വക്കേറ്റ് ശിവകുമാർ മേനോൻ പ്രസംഗിച്ചു. ഡോ. ഗോകുൽദാസ് നന്ദി രേഖപ്പെടുത്തി.

# ബിഎസ്ഇ എൻഹാൻസ്ഡ് വാല്യൂ 30 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകൾക്കായി പുതിയ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ബിഎസ്ഇ എൻഹാൻസ്ഡ് വാല്യൂ 30 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി.

മികച്ച സാമ്പത്തിക അടിത്തറയുള്ളതും എന്നാൽ വിപണിയിൽ ആകർഷകമായ മൂല്യത്തിൽ ലഭ്യമായതുമായ ലാർജ്ക്യാപ്, മിഡ്ക്യാപ് കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ആസ്തി വർധിപ്പിക്കാൻ നിക്ഷേപകരെ സഹായിക്കുകയാണ് ഈ ഫണ്ടിന്റെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ പറഞ്ഞു. ബുക്ക് വാല്യൂ-ടു-പ്രൈസ്, ഏണിങ്സ്-ടു-പ്രൈസ്, സെയിൽസ്-ടു-പ്രൈസ് എന്നീ സാമ്പത്തിക ഘടകങ്ങൾ അടിസ്ഥാനമാക്കി ബിഎസ്ഇ ലാർജ്മിഡ്ക്യാപ് വിഭാഗത്തിൽ നിന്നുള്ള 30 മികച്ച കമ്പനികളെയാണ് ഫണ്ടിനായി തിരഞ്ഞെടുക്കുന്നത്.

2026 മാർച്ച് 30ലെ കണക്കുകൾ പ്രകാരം ഈ ഇൻഡക്സ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 32 ശതമാനവും 10 വർഷത്തിനിടെ 19.4 ശതമാനവും വാർഷികാദായം നൽകിയിട്ടുണ്ട്. ഓഹരി വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് വർഷത്തിൽ രണ്ടുതവണ ഈ പോർട്ട്ഫോളിയോ പുനഃക്രമീകരിക്കും. ഐസിഐസിഐ പ്രു സിഗ്നേച്ചർ അഷ്വർ, സ്മാർട്ട് കിഡ് അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് ഉൾപ്പെടെയുള്ള കമ്പനിയുടെ വിവിധ യുലിപ് പദ്ധതികളിലൂടെ ഉപഭോക്താക്കൾക്ക് ഫിൽ നിക്ഷേപിക്കാമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ലയൺസ് ക്ലബ്ബ് ഡിസ്ട്രക്റ്റ് 318 ഡി വാർഷിക കൺവെൻഷൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു



സുരേഷ് വാര്യർ



കെഎം അഷറഫ്



വിമൽ വേണു

**തൃശൂർ :** പാലക്കാട്, തൃശൂർ ജില്ലകൾ ഉൾപ്പെടുന്ന ലയൺസ് ക്ലബ്ബ് ഇന്റർ നാഷണൽ ഡിസ്ട്രിക് 318 ഡിയുടെ 22-ാമത് വാർഷിക കൺവെൻഷൻ പാസ്റ്റ് ഇന്റർ നാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ ഉദ്ഘാടനം ചെയ്തു. പാസ്റ്റ് ഇന്റർ നാഷണൽ ഡയറക്ടർ ജെ പി സിംഗ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കൺവെൻഷനോടനുബന്ധിച്ചു നടന്ന തെരഞ്ഞെടുപ്പിൽ പുതിയ ഡിസ്ട്രിക്റ്റ് ഗവർണ്ണറായി കോർപറേറ്റ് ട്രെയിനർ ലയൺ സുരേഷ് വാര്യരേയും ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണ്ണറായി മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ ലയൺ കെഎം അഷറഫിനെയും സെക്കന്റ് വൈസ് ഡിസ്ട്രിക്ട് ഗവർണ്ണറായി പാലക്കാട് ജില്ലയിൽ നിന്നുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് ലയൺ വിമൽ വേണുവിനെയും തെരഞ്ഞെടുത്തു. പന്നിത്തടം ടെൽകോൺ ഇന്റർ നാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന വിപുലമായ സമ്മേളനത്തിൽ രണ്ടു ജില്ലകളിൽ നിന്നുമായി ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു.

# ജൂലൈ ഒന്നു മുതൽ വിബി – ജി റാം ജി ആക്റ്റിന് തുടക്കം

**ന്യൂഡൽഹി:** 'വികസിത് ഭാരത് – ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' വിബി-ജി റാം ജിപ ആക്ട് 2025 രാജ്യത്ത് നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. 2026 ജൂലൈ 1 മുതൽ രാജ്യവ്യാപകമായി ഇത് പ്രാബല്യത്തിൽ വരും. വിബി ജി റാം ജി ആക്ട് നിലവിൽ വരുന്നതോടെ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അതേ തീയതി മുതൽ റദ്ദാക്കപ്പെടും. പുതിയ നിയമപ്രകാരം, അവിദഗ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുതിർന്ന (18 വയസ്സിനു മുകളിൽ പ്രായമുള്ളവർ) അംഗങ്ങളുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും ഓരോ സാമ്പത്തിക വർഷവും 125 ദിവസത്തെ വേതനത്തോടു കൂടിയ തൊഴിൽ നിയമപരമായ ഗ്യാരണ്ടിയായി ലഭിക്കാൻ അർഹതയുണ്ട്.

ഉപജീവന സുരക്ഷ ശക്തിപ്പെടുത്തുന്നതിനും ഗ്രാമീണ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമതലത്തിലുള്ള സുസ്ഥിര വികസനത്തെ പിന്തുണയ്ക്കുന്നതിനുമാണ് ഈ മെച്ചപ്പെടുത്തിയ തൊഴിലുറപ്പ് ലക്ഷ്യമിടുന്നത്. തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ അവർക്ക് തൊഴിൽ നൽകും. ഇതിൽ വീഴ്ച വരുത്തിയാൽ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലില്ലായ്മ വേതനം ലഭിക്കാൻ തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കും.

സമയബന്ധിതവും സുതാര്യവുമായി വേതനം നൽകുന്നതിന് ഈ നിയമം വലിയ പ്രാധാന്യം നൽകുന്നു. നേരിട്ടുള്ള ആനുകൂല്യകൈമാറ്റം വഴി തൊഴിലാളികളുടെ ബാങ്ക് അല്ലെങ്കിൽ പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് വേതനം കൈമാറുന്നത് തുടരും. ആഴ്ചതോറും അല്ലെങ്കിൽ മസ്റ്റർ റോൾ അവസാനിപ്പിച്ച് പതിനഞ്ച് ദിവസത്തിനുള്ളിൽ വേതനം നൽകേണ്ടതാണ്. ഇതിൽ കാലതാമസമുണ്ടായാൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരത്തിന് തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കുമെന്നും ആക്ടിൽ വ്യക്തമാക്കുന്നു.

വികസിത് ഭാരത് – ജി റാം ജി ആക്ട് 2025-ന്റെ ഫലപ്രദമായ നടത്തിപ്പിനായി ഇന്ത്യാ ഗവണ്മെന്റ് സമഗ്രമായ സാമ്പത്തിക വ്യവസ്ഥകൾ ഉറപ്പാക്കിയിട്ടുണ്ട്. ഇതിനായി, 2026–27 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര ഗവണ്മെന്റ് 95,692.31 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് ഗ്രാമീണ തൊഴിൽ പദ്ധതിക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് ഘട്ടത്തിൽ ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന വിഹിതമാണ്. സംസ്ഥാനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തിയാൽ, പദ്ധതിയുടെ ആകെ ചെലവ് 1.51 ലക്ഷം കോടി രൂപയിലധികം വരുമെന്നാണ് കണക്കാക്കുന്നത്. ഈ വിഹിതം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഗ്രാമീണ വരുമാനം വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് പുതിയ കരുത്ത് പകരുമെന്ന് പ്രതീക്ഷിക്കുന്നു.

തടസ്സമില്ലാത്തതും സുഗമവും തൊഴിലാളി കേന്ദ്രീകൃതവുമായ മാറ്റം ഉറപ്പാക്കുന്നതിനായി, പുതിയ നിയമം നിലവിൽ വരുന്നത് വരെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലുള്ള തൊഴിൽ, തടസ്സമില്ലാതെ തുടരും. ജൂൺ 30 വരെയുള്ള മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ നിലവിലുള്ള പ്രവൃത്തികൾ പുതിയ ചട്ടക്കൂടിലേക്ക് സുഗമമായി മാറ്റുന്നതാണ്. ഗ്രാമീണ തൊഴിലാളികൾക്ക് ജോലി സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേതനം വേഗത്തിൽ നൽകുന്നതിനും ഗവൺമെന്റ് മുൻഗണന നൽകുന്നു. പുതിയ നിയമം നിലവിൽ വരുന്നതിന് മുൻപുള്ള കാലയളവിൽ അർഹരായ ഒരു ഗ്രാമീണ കുടുംബത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ, ആവശ്യകതയ്ക്കും ഫീൽഡ് തലത്തിലെ ആവശ്യങ്ങൾക്കും അനുസൃതമായി ഗവൺമെന്റ് മതിയായ ലേബർ ബജറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

നിലവിലുള്ള ഇ-കെവൈസി പരിശോധിച്ചുറപ്പിച്ച തൊഴിലുറപ്പ് ജോബ് കാർഡുകൾ, ഗ്രാമീണ റോസ്ഗാർ ഗ്യാരണ്ടി കാർഡുകൾ നൽകുന്നത് വരെ പുതിയ പദ്ധതിയിലും സാധുവായിരിക്കും. ജോബ് കാർഡുകൾ ഇല്ലാത്ത തൊഴിലാളികൾക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുന്നത് തുടരാം. ഇ-കെവൈസി പൂർത്തിയാകാത്തതിന്റെ പേരിൽ മാത്രം തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കില്ല. ഇ-കെവൈസി പൂർത്തിയാക്കുന്നതിനുള്ള സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റുകൾ ഫീൽഡ് തലത്തിൽ തുടർന്നും നൽകുന്നതാണ്. വിബിജി റാം ജി ആക്ട് 2025-ന് കീഴിലുള്ള വിവിധ കരട് ചട്ടങ്ങൾ സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും കൂടിയാലോചിച്ച് ഗ്രാമവികസന മന്ത്രാലയം തയ്യാറാക്കി വരികയാണ്. അടിസ്ഥാന മാനദണ്ഡങ്ങൾ പ്രകാരമുള്ള വിഹിതം നിശ്ചയിക്കുന്നതിനുള്ള ചട്ടങ്ങൾ, പരിവർത്തന വ്യവസ്ഥാ നിയമങ്ങൾ, ദേശീയതല സ്റ്റിയറിംഗ് കമ്മിറ്റി നിയമങ്ങൾ, സെൻട്രൽ ഗ്രാമീൺ റോസ്ഗാർ ഗ്യാരണ്ടി കൗൺസിൽ നിയമങ്ങൾ, ഭരണപരമായ ചെലവുകൾ സംബന്ധിച്ച നിയമങ്ങൾ, പരാതി പരിഹാര നിയമങ്ങൾ, വേതനവും തൊഴിലില്ലായ്മ വേതനവും നൽകുന്ന രീതിയെക്കുറിച്ചുള്ള നിയമങ്ങൾ, അധിക ചെലവ് വഹിക്കുന്ന രീതിയും നടപടിക്രമങ്ങളും സംബന്ധിച്ച നിയമങ്ങൾ, നിയമസഭയില്ലാത്ത കേന്ദ്രഭരണ പ്രദേശങ്ങൾക്കായുള്ള പദ്ധതിയുടെ ചെലവുകൾ വഹിക്കുന്ന രീതിയെക്കുറിച്ചുള്ള നിയമങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് പുതിയ പദ്ധതിയിലേക്കുള്ള മാറ്റം സുഗമമാക്കുന്നതിന് ആവശ്യമായ നിയമ വ്യവസ്ഥകൾ, അനുബന്ധ വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഉടൻ പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## നാളികേര ഉൽപാദനക്ഷമത വർധനവിനുള്ള സമഗ്ര കേര വികസന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു

**തിരുവനന്തപുരം:** നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന 'സുസ്ഥിര ഉൽപാദനക്ഷമത വർധനവിനുള്ള സമഗ്ര കേര വികസന പദ്ധതി' (PICCS) യിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. സംസ്ഥാനത്ത് നാളികേര കൃഷിയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനൊപ്പം, കേരകർഷകരുടെ വരുമാനം വർധിപ്പിക്കുകയും സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

നിലവിലുള്ള/ പുതിയതായി രൂപീകരിക്കുന്ന കേര കർഷക കൂട്ടായ്മകൾക്കും (Coconut Farmers Cluster -CFC), ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷക ഉത്പാദക സംഘങ്ങൾക്കും (CPF/CPS) ഈ പദ്ധതിയിലേക്ക് നേരിട്ട് അപേക്ഷിക്കാം.

നാളികേര വികസന ബോർഡിന്റെ നിബന്ധനൾക്ക് വിധേയമായി കൃഷിഭവനുകൾ, ICAR/KAU/KVKS തുടങ്ങിയ കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്കും നാളികേര വികസന ബോർഡിൽ സജീവ രജിസ്ട്രേഷന് ഉള്ള കർഷക ഉത്പാദക ഫെഡറേഷന് (CPF), നാളികേര ഉത്പാദക കമ്പനികൾക്കും (CPC) നാളികേര ക്ലസ്റ്റർ തിരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പിലാക്കുവാനുള്ള ഏജൻസികളായി (Facilitating Agency) അപേക്ഷ സമർപ്പിക്കുവാനുള്ള അവസരമുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന ഏജൻസികൾ മുഖേന അപേക്ഷ സമർപ്പിക്കുന്ന ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകുന്നതാണ്.

പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഉൽപാദനവർധനവിനുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രീയ പരിപാലന രീതികൾ എന്നിവ നടപ്പിലാക്കും. പദ്ധതിയുടെ ഭാഗമായി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള രാസജൈവ വളങ്ങളും വിതരണം. ചെയ്യും. അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ ഇടവിളകളുടെ (കൊക്കോ/ നേന്ത്രൻ/ഞാലിപ്പൂവൻ വാഴ) ഇഞ്ചി/ മഞ്ഞൾ) ചേന/ ചേമ്പ്/ കുരുമുളക്) നടീൽ വസ്തുക്കളും കർഷകർക്ക് നൽകും.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ സംസ്ഥാനങ്ങളിലായി 18,940 ഹെക്ടറിൽ ബോർഡ് നേരിട്ട് പദ്ധതി നടപ്പിലാക്കി. കേരളത്തിൽ മാത്രം 8,089 ഹെക്ടറിൽ 204 ക്ലസ്റ്ററുകളിലായി 32,497 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.

ഈ പദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 മെയ് 22 വൈകുന്നേരം 5 മണിവരെയാണ്, അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും https://coconutboard.gov.in/docs/PICCSKerala_26-27.pdf സന്ദർശിക്കുക.

## കൊച്ചിയിൽ സംഗീത വിസ്മയം തീർത്ത് 'ബോബ് മാർലി മ്യൂസിക് നൈറ്റ്'

### ലഹരിക്കെതിരെ താളലയങ്ങളുമായി യുവതലമുറ



എൽ കെ ഫൗണ്ടേഷനും ഐലൻഡ്സ് ഡെവലപ്മെന്റ് ആൻഡ് കൾച്ചറൽ അസോസിയേഷനും (ഐഡിസിഎ) സംയുക്തമായി മറൈൻ ഡ്രൈവ് ക്വീൻസ് വാക്ക് വേയിൽ സംഘടിപ്പിച്ച 'ബോബ് മാർലി നൈറ്റ്' സംഗീത നിശയിൽ ലൂസ് മത്തായി പാടുന്നു. ഡി.ജെ അജിത് സെബാൻ സമീപം.

**കൊച്ചി:** വിഖ്യാത ജമൈക്കൻ ഗായകൻ ബോബ് മാർലിയുടെ 45-ാം അനുസ്മരണ ദിനത്തോടനുബന്ധിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച 'ബോബ് മാർലി മ്യൂസിക് നൈറ്റ്' സംഗീത പ്രേമികൾക്ക് ആവേശമായി. ഞായറാഴ്ച വൈകിട്ട് മറൈൻ ഡ്രൈവ് ക്വീൻസ് വാക്വേ ഓപ്പൺ സ്റ്റേജിൽ നടന്ന പരിപാടിയിൽ നൂറുകണക്കിന് സംഗീത ആരാധകർ ഒത്തുചേർന്നു. 'സെ നോ ടു ഡ്രഗ്സ്' എന്ന സുപ്രധാന സന്ദേശം ഉയർത്തിപ്പിടിച്ച് സംഗീതം കൊണ്ട് ലഹരിയുടെ വിപത്തുകളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഗീതനിശ സംഘടിപ്പിച്ചത്. എൽ.കെ. ഫൗണ്ടേഷനും ഐലൻഡ്സ് ഡെവലപ്മെന്റ് ആൻഡ് കൾച്ചറൽ അസോസിയേഷനും സംയുക്തമായാണ് സംഗീത സന്ധ്യ ഒരുക്കിയത്.

പ്രശസ്ത ഗായകനും മ്യൂസിക് പ്രൊഡ്യൂസറുമായ ജോർജ് പീറ്റർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ബോബ് മാർലിയുടെ ചിത്രം ആലേഖനം ചെയ്ത കേക്ക് മുറിച്ചായിരുന്നു ഉദ്ഘാടനം. തുടർന്ന് അദ്ദേഹം ബോബ് മാർലിയുടെ ലോകപ്രശസ്തമായ 'കുഡ് യു ബി ലവ്ഡ്' എന്ന ഗാനം ആലപിച്ച് സദസ്സിനെ സംഗീത ലഹരിയിലാഴ്ത്തി. പ്രശസ്ത ബാൻഡുകളായ ലൂസ് മത്തായി ലൈവ്, റിവർ ഗയ്സ് ബാൻഡ്, ദി ജോഷ് ട്രീ, ലോബ്സ്റ്റർ ഫ്ലൈ എന്നിവർ വേദിയിൽ സംഗീത വിസ്മയം തീർത്തു. ഡിജെ അജിത് സെബാൻ അവതരിപ്പിച്ച മ്യൂസിക് സെഷനുകളും കാണികളെ ആവേശത്തിലാക്കി. കൊച്ചി കോർപറേഷൻ പ്രതിപക്ഷ നേതാവ് വി.എ. ശ്രീജിത്ത്, ചലച്ചിത്ര പ്രവർത്തകൻ രാജേഷ് പുത്തൻപുരയിൽ, സുരീന്ദർ സിങ് സേത്തി, ഷാജി ജോർജ് പ്രണത, പി.എം. ഹാരിസ്, തെന്നൽ, മത്തായി വർഗീസ്, എബി എബ്രഹാം തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അന്താരാഷ്ട്ര തലസീമിയ ദിനം: 'അദൃശ്യരെ കണ്ടെത്താം, അവഗണിക്കപ്പെട്ടവർക്ക് കരുത്തേകാം'



ഡോ. ദീപക് ചാൾസ്,

ഇക്കഴിഞ്ഞ അന്താരാഷ്ട്ര തലസീമിയ ദിനത്തിന്റെ ഈ വർഷത്തെ പ്രമേയം 'ഇനി മറഞ്ഞുകിടക്കില്ല: രോഗനിർണയം ലഭിക്കാത്തവരെ കണ്ടെത്താം. അറിഞ്ഞിട്ടും കാണപ്പെടാതെ നിൽക്കുന്നവരെ കൈപിടിക്കാം ' (Hidden No More: Finding the Undiagnosed. Supporting the Unseen) എന്നതാണ്. ഈ രോഗത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിലും ഭരണാധികാരികളിലും എത്തിക്കുക, രോഗബാധിതരുടെ മനോവീര്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

## എന്താണ് തലസീമിയ?

നമ്മുടെ രക്തത്തിലെ ചുവന്ന രക്താണുക്കളിൽ അടങ്ങിയിരിക്കുന്ന 'ഹീമോഗ്ലോബിൻ' എന്ന ഘടകത്തിലുണ്ടാകുന്ന വൈകല്യം മൂലം ഉണ്ടാകുന്ന ഒരു ജനിതക രോഗമാണ് തലസീമിയ. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഓക്സിജൻ എത്തിക്കുന്നത് ഹീമോഗ്ലോബിനാണ്. തലസീമിയ ബാധിച്ചവരിൽ ഹീമോഗ്ലോബിന്റെ ഉത്പാദനം കുറയുകയും ചുവന്ന രക്താണുക്കൾ വേഗത്തിൽ നശിച്ചുപോവുകയും ചെയ്യുന്നു. ഇത് കഠിനമായ വിളർച്ചയ്ക്ക് (അനീമിയ) കാരണമാകുന്നു. ഇതൊരു പകർച്ചവ്യാധിയല്ല, മറിച്ച് മാതാപിതാക്കളിൽ നിന്ന് മക്കളിലേക്ക് ജനിതകമായി പകരുന്ന രോഗമാണ്. ഇന്ത്യയിൽ ഏകദേശം ഒരു ലക്ഷത്തിലധികം ആളുകൾ ഈ രോഗാവസ്ഥയുമായി ജീവിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## രോഗകാരണങ്ങൾ

നമ്മുടെ ഡി.എൻ.എ-യിലുണ്ടാകുന്ന ചില മാറ്റങ്ങളാണ് (മ്യൂട്ടേഷൻ) തലസീമിയക്ക് കാരണം. ഇതിനെ പ്രധാനമായും രണ്ട് രീതിയിൽ തിരിക്കാം:

**1. തലസീമിയ കാരിയർ:** മാതാപിതാക്കളിൽ ഒരാളിൽ നിന്ന് മാത്രം തകരാറുള്ള ജീൻ ലഭിക്കുമ്പോൾ ഒരാൾ 'കാരിയർ' ആകുന്നു. ഇവർക്ക് സാധാരണഗതിയിൽ വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാറില്ല, എന്നാൽ ഇവർ രോഗവാഹകരാണ്.

**2. തലസീമിയ മേജർ:** മാതാപിതാക്കൾ രണ്ടു പേരും രോഗവാഹകർ ആണെങ്കിൽ, ജനിക്കുന്ന കുട്ടിക്ക് 'തലസീമിയ മേജർ' വരാൻ 25% സാധ്യതയുണ്ട്. ഇങ്ങനെയുള്ളവർക്ക് ജീവിതകാലം മുഴുവൻ ചികിത്സ ആവശ്യമായി വരും.

## ലക്ഷണങ്ങൾ

രോഗത്തിന്റെ തീവ്രത അനുസരിച്ച് ലക്ഷണങ്ങൾ വ്യത്യാസപ്പെടാം. സാധാരണയായി കണ്ടുവരുന്ന ലക്ഷണങ്ങൾ ഇവയാണ്:

* അമിതമായ തളർച്ചയും ക്ഷീണവും.
* ശരീരത്തിലെ വിളർച്ച (ചർമ്മം വെളുത്തതോ മഞ്ഞയോ ആയ നിറത്തിൽ കാണപ്പെടുക).
* ശ്വാസതടസ്സം.
* കുട്ടികളിലെ വളർച്ചാ മുരടിപ്പ്.
* എല്ലുകളുടെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ.
* മൂത്രത്തിന് കടും നിറം ഉണ്ടാകുക.

## നേരത്തെയുള്ള രോഗനിർണ്ണയത്തിന്റെ പ്രാധാന്യം

ഈ വർഷത്തെ പ്രമേയം ഊന്നിപ്പറയുന്നത് പോലെ, രോഗനിർണ്ണയം വൈകുന്നത് ചികിത്സ ദുഷ്കരമാക്കും.






പലപ്പോഴും ഗർഭകാലത്തോ കുട്ടിക്കാലത്തോ മാത്രമാണ് ഈ രോഗം തിരിച്ചറിയപ്പെടുന്നത്. എന്നാൽ വിവാഹത്തിന് മുൻപോ കുട്ടി ജനിക്കുന്നതിന് മുൻപോ ലളിതമായ ഒരു രക്തപരിശോധനയിലൂടെ മാതാപിതാക്കൾ രോഗവാഹകരാണോ എന്ന് തിരിച്ചറിയാൻ സാധിക്കും. നേരത്തെ കണ്ടെത്തുന്നത് വഴി കൃത്യമായ ചികിത്സ പ്ലാൻ ചെയ്യാനും കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധിവരെ കുറയ്ക്കാനും സാധിക്കും.

## എങ്ങനെയാണ് തലസീമിയ കണ്ടെത്തുന്നത്? രോഗനിർണ്ണയവും പരിശോധനകളും

തലസീമിയ ഉണ്ടോ എന്ന് തിരിച്ചറിയാൻ ലളിതമായ രക്തപരിശോധനകളിലൂടെ സാധിക്കും. പ്രധാനമായും താഴെ പറയുന്ന പരിശോധനകളാണ് ഇതിനായി നടത്താറുള്ളത്:

* **കംപ്ലീറ്റ് ബ്ലഡ് കൗണ്ട്:** രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവും ചുവന്ന രക്താണുക്കളുടെ എണ്ണവും വലുപ്പവും ഇതിലൂടെ മനസ്സിലാക്കാം. തലസീമിയ ഉള്ളവരിൽ ചുവന്ന രക്താണുക്കളുടെ വലുപ്പം സാധാരണയേക്കാൾ കുറവായിരിക്കും.
* **ഹീമോഗ്ലോബിൻ ഇലക്ട്രോഫോറെസിസ്:** രക്തത്തിലെ വിവിധ തരം ഹീമോഗ്ലോബിനുകളെ വേർതിരിച്ച് പരിശോധിക്കുന്ന രീതിയാണിത്. ഒരാൾ തലസീമിയ രോഗിയാണോ അതോ രോഗവാഹകനാണോ എന്ന് കൃത്യമായി കണ്ടെത്താൻ ഈ പരിശോധന സഹായിക്കുന്നു.
* **ജനിതക പരിശോധന:** കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും രോഗമുണ്ടെങ്കിൽ, ഡി.എൻ.എ പരിശോധനയിലൂടെ രോഗസാധ്യത മുൻകൂട്ടി അറിയാൻ സാധിക്കും.
* **ഗർഭസ്ഥ ശിശുക്കളിലെ പരിശോധന:** കുട്ടി ജനിക്കുന്നതിന് മുൻപ് തന്നെ രോഗബാധയുണ്ടോ എന്ന് കണ്ടെത്താൻ പ്രീ-നേറ്റൽ ടെസ്റ്റുകൾ ലഭ്യമാണ്. ഇത് ഗർഭസ്ഥ ശിശുവിന്റെ ജനിതക ഘടന പരിശോധിച്ച് വൈകല്യങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നു.

വിവാഹത്തിന് മുൻപുള്ള രക്തപരിശോധനയിലൂടെ രോഗവാഹകർ തമ്മിലുള്ള വിവാഹം ഒഴിവാക്കുന്നത് വഴി വരുംതലമുറയിൽ ഈ രോഗം വരാതെ തടയാൻ സാധിക്കും.

## ചികിത്സാരീതികൾ

തലസീമിയ മേജർ ബാധിച്ചവർക്ക് പ്രധാനമായും താഴെ പറയുന്ന ചികിത്സകളാണ് നൽകി വരുന്നത്:

* **രക്തം മാറ്റിവയ്ക്കൽ:** രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് നിലനിർത്താൻ ഇടയ്ക്കിടെ രക്തം നൽകേണ്ടി വരും.
* **ചിലേഷൻ തെറാപ്പി:** തുടർച്ചയായി രക്തം സ്വീകരിക്കുന്നത് വഴി ശരീരത്തിൽ ഇരുമ്പിന്റെ അളവ് അമിതമാകാൻ സാധ്യതയുണ്ട്. ഇത് അവയവങ്ങളെ ബാധിക്കാതിരിക്കാൻ അധികമുള്ള ഇരുമ്പിനെ നീക്കം ചെയ്യുന്ന ചികിത്സയാണിത്.
* **സ്റ്റെം സെൽ മാറ്റിവയ്ക്കൽ:** ഇത് രോഗം പൂർണ്ണമായും ഭേദമാക്കാൻ സഹായിക്കുന്ന ഒരു ചികിത്സയാണെങ്കിലും ചിലവേറിയതും സങ്കീർണ്ണവുമാണ്.

## രോഗബാധിതർക്ക് നൽകേണ്ട കരുതൽ

രോഗം ബാധിച്ചവർക്ക് കേവലം ചികിത്സ മാത്രമല്ല വേണ്ടത്, മറിച്ച് സമൂഹത്തിന്റെ അംഗീകാരവും പിന്തുണയുമാണ്. പലരും ഇപ്പോഴും അർഹമായ പരിഗണന ലഭിക്കാതെയും ഒറ്റപ്പെട്ടും കഴിയുന്നുണ്ട്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും, അവർക്ക് ആവശ്യമായ മാനസിക പിന്തുണയും തൊഴിൽ സാഹചര്യങ്ങളും ഒരുക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

ചികിത്സയേക്കാൾ പ്രതിരോധത്തിന് പ്രാധാന്യമുള്ള ഒന്നാണ് തലസീമിയ. വരുംതലമുറയെ ഈ മാരക രോഗത്തിൽ നിന്ന് രക്ഷിക്കാൻ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. ഓരോ വ്യക്തിയും സ്വന്തം രോഗവാഹക പദവി മനസ്സിലാക്കുകയും പരിശോധനകൾക്ക് വിധേയമാവുകയും ചെയ്യുന്നത് ഈ പോരാട്ടത്തിലെ വലിയ ചുവടുവെപ്പായിരിക്കും. ഈ മെയ് 8ന്, തലസീമിയ ബാധിതർക്ക് തുല്യനീതി ഉറപ്പാക്കാനും ഈ രോഗത്തെ സമൂഹത്തിൽ നിന്ന് തുടച്ചുനീക്കാനും നമുക്ക് ഒരുമിച്ച് കൈകോർക്കാം.

**തയ്യാറാക്കിയത് : ഡോ. ദീപക് ചാൾസ്, സീനിയർ കൺസൾട്ടന്റ് , ഹെമറ്റോളജി ആൻഡ് ഹെമറ്റോ ഓങ്കോളജി , ആസ്റ്റർ മെഡ്സിറ്റി കൊച്ചി**

# കൊച്ചിൻ ട്രേഡ് സെന്റർ സോഫ്റ്റ് ലോഞ്ച് ചെയ്തു

കൊച്ചി : വില്ലിങ്ടൺ ഐലൻഡിൽ 3 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ പൂർത്തിയായി വരുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്ററിന്റെ സോഫ്റ്റ് ലോഞ്ച് ബി.എൽ.എം ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ആർ.പ്രേം കുമാർ നിർവഹിച്ചു. ലോഗോ പ്രകാശനം ടി.ജെ.വിനോദ് എം.എൽ.എ നിർവഹിച്ചു. കൊച്ചിൻ ട്രേഡ് സെന്റർ മാനേജിംഗ് ഡയറക്ടർ നിജേഷ് പുത്തലത്ത്, വാർഡ് കൗൺസിലർ പദ്മകുമാരി, കമ്മഡോർ വർഗീസ് മത്യു, കൊച്ചിൻ പോർട്ട് സെക്രട്ടറി ജോയ്ദീപ് ഘോഷ്, കോഴിക്കോട് ഡിസിസി സെക്രട്ടറി കെ.എ ഗംഗേഷ്, ബിഎൽഎം പ്രസിഡന്റ് കരുണ മൂർത്തി, അസ്സോസിയേഷൻ ഓഫ് അറബ് ടൂർ ഓപ്പറേഷൻസ് പ്രസിഡന്റ് റഷീദ് കക്കാട്, തുടങ്ങിയവർ പ്രസംഗിച്ചു.



*വില്ലിങ്ടൺ ഐലൻഡിൽ 3 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ പൂർത്തിയായി വരുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്ററിന്റെ സോഫ്റ്റ് ലോഞ്ച് ബിഎൽഎം ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ആർ.പ്രേം കുമാർ നിർവഹിക്കുന്നു.നിജേഷ് പുത്തലത്ത്, ടി.ജെ.വിനോദ് എം.എൽ.എ കെ.എ. ഗംഗേഷ് എന്നിവർ സമീപം.*

അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക സൗകര്യങ്ങളുമായി ഒരുങ്ങുന്ന ഈ സംരംഭം, ആഗോള പ്രദർശനസമ്മേളന ഭൂപടത്തിൽ കൊച്ചിയെ മുൻനിരയിലെത്തിക്കുമെന്നും രാജ്യാന്തര സംഗീത നിശകൾക്കും വൻ സമ്മേളനങ്ങൾക്കുമായി 1.5 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള അതിവേഗ റെഡി ടു ഓക്കുപൈ കൺസേർട്ട് അരീനയാണ് പദ്ധതിയുടെ പ്രധാന സവിശേഷതയെന്നും ബി.എൽ.എം.ചെയർമാൻ പറഞ്ഞു.

വ്യാപാര പ്രദർശനങ്ങൾ, കോർപ്പറേറ്റ് മീറ്റുകൾ, വിവാഹങ്ങൾ എന്നിവയ്ക്കായി 40,000 ചതുരശ്ര അടിയിലും 15,000 ചതുരശ്ര അടിയിലുമുള്ള രണ്ട് ബൃഹത്തായ ഹാളുകൾ സജ്ജമാക്കിയിട്ടുണ്ട്. കലാസാംസ്കാരിക പരിപാടികൾക്കും തുറസ്സായ പൊതുയോഗങ്ങൾക്കുമായി മനോഹരമായി രൂപകൽപ്പന ചെയ്ത ആംഫി തിയേറ്റർ മറ്റൊരു ആകർഷണമാണ്.വ്യാപാരം, വിനോദം, സംസ്കാരം എന്നിവയെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്റർ, കൊച്ചി നഗരത്തിന്റെ വളർച്ചയ്ക്കും ടൂറിസം ഇവന്റ് മേഖലകളുടെ വികസനത്തിന് കരുത്തേകുമെന്ന് മാനേജിംഗ് ഡയറക്ടർ പറഞ്ഞു. കൊച്ചിയുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്ന ഇഗ്നിവ കൊച്ചിൻ ട്രേഡ് സെന്റർ സെപ്റ്റംബറിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുമെന്നു പ്രമോട്ടർമാരായ ആർ പ്രേംകുമാർ, നിജേഷ് പുത്തലത്ത്, ഹാരിസ് പാങ്ങാട്ട്, അബ്ദുൽ കരീം ഫൈസൽ എന്നിവർപറഞ്ഞു.

# ഫോട്ടോപാർക്ക് ഡിജിറ്റൽ പ്രസിനും ഉടമ ലൂയിസ് ഫ്രാൻസിസിനും അന്തർദേശീയ– ദേശീയ തലത്തിൽ ആറു പുരസ്കാരങ്ങൾ




*ഫോട്ടോപാർക്ക് ഡിജിറ്റൽ പ്രസ് ഉടമ ലൂയിസ് ഫ്രാൻസിസും രോഹിത് ലൂയിസും ചേർന്ന് വൈസ് പ്രസിഡന്റ് ഈസ്റ്റ് ഡോ. ശരത്ചന്ദ്രയിൽ നിന്നും പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങുന്നു. വൈസ് പ്രസിഡന്റ് സൗത്ത് മുജീബ് അഹമ്മദ്, മദ്രാസ് പ്രിന്റേഴ്സ് ആന്റ് ലിതോഗ്രാഫ് അസോസിയേഷൻ പ്രസിഡന്റ് ജോളി പീറ്റർ എന്നിവർ സമീപം*

**കൊച്ചി:** ഡിജിറ്റൽ പ്രിന്റിംഗ് രംഗത്ത് ശ്രദ്ധേയ നേട്ടവുമായി ഫോട്ടോപാർക്ക് ഡിജിറ്റൽ പ്രസും അതിന്റെ നേതൃത്വം വഹിക്കുന്ന ലൂയിസ് ഫ്രാൻസിസും അന്തർദേശീയ - ദേശീയ തലത്തിൽ ആറ് പുരസ്ക്കാരങ്ങൾക്ക് അർഹരായി. സമീപകാലത്ത് നടന്ന നാഷണൽ അവാർഡ്സ് ഫോർ എക്സലൻസ് ഇൻ പ്രിന്റിംഗ് (എൻ എ ഇ പി), ഗ്ലോബൽ പ്രിന്റ് എക്സലൻസ് അവാർഡ്സ് (ജി പി ഇ എ) തുടങ്ങിയവയിലാണ് ഫോട്ടോപാർക്ക് ആറു പുരസ്കാരങ്ങൾ നേടിയത്.

ഫോട്ടോ ബുക്സ്, ബ്രോഷറുകൾ, ബുക്ക്ലെറ്റുകൾ, കാറ്റലോഗുകൾ, ലേബലുകൾ, ഡിജിറ്റൽ പ്രിന്റിംഗിൽ (എൻ എ ഇ പി) മൂന്ന് സ്വർണവും ഒരു വെങ്കലവും ഡിജിറ്റൽ പ്രിന്റിംഗിൽ (ജി പി ഇ എ) രണ്ട് സ്വർണവുമാണ് പുരസ്കാരങ്ങൾ നേടിയത്. കൂടാതെ റിജിഡ് ബോക്സുകൾ വിഭാഗത്തിൽ മെറിറ്റ് സർട്ടിഫിക്കറ്റും സ്വന്തമാക്കി.

പുരസ്ക്കാരങ്ങൾ ഫോട്ടോപാർക്ക് ഡിജിറ്റൽ പ്രസ് ഉടമ ലൂയിസ് ഫ്രാൻസിസും രോഹിത് ലൂയിസും ചേർന്ന് വൈസ് പ്രസിഡന്റ് ഈസ്റ്റ് ഡോ. ശരത്ചന്ദ്രയിൽ നിന്നും ഏറ്റുവാങ്ങി.

# അസറ്റ് ഹോംസിന്റെ 125 ാമത് പദ്ധതി നിർമാണമാരംഭിച്ചു

**കൊച്ചി:** പ്രമുഖ ബിൽഡറായ അസറ്റ് ഹോംസിന്റെ 125-ാമത് പാർപ്പിട പദ്ധതിയായ എറൗണ്ട് ദി ട്രീ കൊച്ചി പേട്ട ഗാന്ധി സ്ക്വയറിൽ നിർമാണമാരംഭിച്ചു. കോർപ്പറേഷൻ കൗൺസിലർ സേവ്യർ പി ആന്റണി വൃക്ഷത്തെ നട്ട് നിർമാണോദ്ഘാടനം നിർവഹിച്ചു. അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി, ഡയറക്ടർ എൻ മോഹനൻ, പദ്ധതിയുടെ ആർക്കിടെക്റ്റ് സിറിൽ പോൾ, മാത്യു ജോസ്, അസറ്റ് ഹോംസ് ചീഫ് ബിസിനസ് ഓഫീസർ ഗോകുൽ, സൗത്ത് ഇന്ത്യൻ ബാങ്ക് സിഒ ആന്റോ ജോർജ് തുടങ്ങിയവർ പങ്കെടുത്തു. പേരു സൂചിപ്പിക്കുന്നതുപോലെ പരിസ്ഥിതി സൗഹാർദ പദ്ധതിയാകും എറൗണ്ട് ദി ട്രീയെന്ന് ചടങ്ങിൽ സംസാരിച്ച സുനിൽ കുമാർ വി. പറഞ്ഞു. മെച്ചപ്പെട്ട വായു, പ്രകാശസഞ്ചാരങ്ങൾ ഉറപ്പുവരുത്തുന്ന കോർട്ട് യാർഡ് രൂപകൽപ്പനയാണ് പദ്ധതിയുടേത്. 64 പ്രീമിയം 2, 3 ബിഎച്ച്കെ അപ്പാർട്ട്മെന്റുകളുടെ പദ്ധതിയായ എറൗണ്ട് ദി ട്രീക്കു ചുറ്റും ഓപ്പൺ സ്പേസിൽ അറുപതോളം വൃക്ഷങ്ങൾ നട്ടുവളർത്തുമെന്നും സുനിൽ കുമാർ പറഞ്ഞു.

20ാം വർഷത്തിലേയ്ക്കു കടക്കുന്ന അസറ്റ് ഹോംസ് 2026-27 സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൊത്തം 3821 പാർപ്പിട യൂണിറ്റുകൾ നിർമിക്കുന്ന 28 പദ്ധതികളിലെ ആദ്യപദ്ധതിയാണ് 125-ാമത് പദ്ധതിയായ എറൗണ്ട് ദി ട്രീ. 2006ൽ പ്രവർത്തനമാരംഭിച്ച അസറ്റ് ഹോംസ് 19 വർഷത്തിനിടെ 125 പദ്ധതികൾക്ക് തുടക്കമിട്ടു. ഇവയിൽ 91 എണ്ണം നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറി. 34 എണ്ണം സംസ്ഥാനത്തെ 10 ജില്ലയിലായി പൂർത്തീകരണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. ആഗോളതലത്തിൽ 8000ത്തിലധികം ഉപയോക്താക്കളാണ് കമ്പനിക്കുള്ളത്. ഗുണനിലവാരം, നിയമാനുസരണം, സമയബന്ധിത നിർമാണം എന്നിവ വിളിച്ചോതുന്ന ക്രിസിൽ ഡിഎ2+, ക്രെഡായ് അവാർഡുകളുൾപ്പെടെ ഒട്ടേറെ ദേശീയ അംഗീകാരങ്ങളും അസറ്റ് ഹോംസ് ഇക്കാലത്തിനിടെ സ്വന്തമാക്കിയിട്ടുണ്ട്.



*അസറ്റ് ഹോംസ് നിർമിക്കുന്ന 125-ാമത് പാർപ്പിട പദ്ധതിയായ എറൗണ്ട് ദി ട്രീയുടെ നിർമാണോദ്ഘാടനം കൊച്ചി പേട്ട ഗാന്ധി സ്ക്വയറിൽ വൃക്ഷത്തെ നട്ട് കൊച്ചി കോർപ്പറേഷൻ കൗൺസിലർ സേവ്യർ പി ആന്റണി നിർവഹിക്കുന്നു. അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി, ഡയറക്ടർ എൻ മോഹനൻ എന്നിവർ സമീപം.*

# പുതിയ 'കോൺട്രാ ഫണ്ട്' അവതരിപ്പിച്ച് മോത്തിലാൽ ഓസ്വാൾ മ്യൂച്വൽ ഫണ്ട്

**കൊച്ചി:** വിപണിയിൽ മികച്ച മുന്നേറ്റം നടത്താൻ സാധ്യതയുള്ള ഓഹരികളിൽ നിക്ഷേപിച്ച് ദീർഘകാല നേട്ടം ഉറപ്പാക്കുന്ന പുതിയ 'കോൺട്രാ ഫണ്ട്' അവതരിപ്പിച്ച് രാജ്യത്തെ മുൻനിര അസറ്റ് മാനേജ്മന്റ് കമ്പനിയായ മോത്തിലാൽ ഓസ്വാൾ മൂചൽ ഫണ്ട്. മെറ്റൽസ്, റിയൽ എസ്റ്റേറ്റ്, ബാങ്കിങ്, ഓട്ടോ എന്നീ മേഖലകളിലെ ലാഭക്ഷമമാകുന്ന കമ്പനികളുടെ ഓഹരികളിലാണ് നിക്ഷേപിക്കാൻ അവസരമുണ്ടാകുക. മെയ് 22 വരെ കോൺട്രാ ഫണ്ടിൽ നിക്ഷേപിക്കാം.

നിക്ഷേപത്തിനുള്ള കുറഞ്ഞ തുക 500 രൂപ. തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി ഫണ്ടുകൾ വാങ്ങാം. നിക്ഷേപകർക്ക് കുറഞ്ഞ റിസ്കിൽ ദീർഘകാല നേട്ടം ഉറപ്പാക്കുകയാണ് കോൺട്രാ ഫണ്ട് അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് മോത്തിലാൽ ഓസ്വാൾ അസറ്റ് മാനേജ്മന്റ് കമ്പനി എംഡിയും സിഇഒയുമായ പ്രതീക് അഗർവാൾ പറഞ്ഞു. മൂന്ന് മുതൽ അഞ്ച് വർഷത്തേക്ക് നിക്ഷേപം നടത്തുന്നവർക്ക് ഏറ്റവും അനുയോജ്യമായതാണ് മോത്തിലാൽ ഓസ്വാൾ കോൺട്രാ ഫണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പുത്തൻ ഉൽപ്പന്ന നിര അവതരിപ്പിച്ച് 'മെക്കാനോ'

**കൊച്ചി :** ജനപ്രിയ ബ്രാൻഡായ ഐ-ബെൽന്റെ പ്രമോട്ടർമാരായ മാട്രിക്സ് സ്റ്റേറ്റർ കമ്പനി 'മെക്കാനോ' ബ്രാൻഡിൽ റോട്ടറി ഹാമർ, എയർ കംപ്രസർ, വെൽഡിംഗ് മെഷീൻ എന്നിവ വിപണിയിൽ അവതരിപ്പിച്ചു. കൊച്ചിയിൽ സംഘടിപ്പിച്ച ഡീലർ മീറ്റിലാണ് മാട്രിക്സ് സ്റ്റേറ്റർ കമ്പനിയുടെ പ്രമോട്ടർമാരായ ടി.എ. അബ്ബാസ്, ടി.എ.സാജിദ്, പി.എം.ഷമീർ, കെ.പി.സിയാദ് എന്നിവർ ചേർന്ന് പുതിയ ഉൽപ്പന്ന ശ്രേണി വിപണിയിൽ ഇറക്കിയത്. 2030തോടെ 500 കോടി രൂപ വിറ്റുവരവും, ഐ.പി.ഒയുമാണ് കമ്പനി ലക്ഷ്യമിടുന്നതെന്നും കൺസ്ട്രഷൻ ഉപകരണങ്ങൾക്ക് പുറമെ വാകം ക്ലീനർ, പവർ ക്ലീനിംഗ് മെഷീനുകൾ ഉൾപ്പെടെ വിവിധ ഗൃഹോപരണ ശ്രേണിയും മെക്കാനോ ബ്രാൻഡിൽ വിപണിയിൽ ലഭ്യമാണെന്നും പി.എം.ഷമീർ പറഞ്ഞു.




*മെക്കാനോ ബ്രാൻഡിന്റെ പുതിയ മെഷീനറികളായ റോട്ടറി ഹാമറുകൾ, എയർ കംപ്രസറുകൾ, വെൽഡിംഗ് മെഷീനുകൾ എന്നിവ കൊച്ചിയിൽ നടന്ന ചടങ്ങിൽ കമ്പനി പ്രോമോട്ടർമാരായ കെ.പി. സിയാദ് ടി.എ. അബ്ബാസ്, ടി.എ. സാജിദ്, പി.എം. ഷമീർ, എന്നിവർ ചേർന്ന് കേരള വിപണിയിൽ അവതരിപ്പിക്കുന്നു.*

# ഡെഫ് കേരള ഏകദിന സോണൽ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് സമാപിച്ചു

**കൊച്ചി:** ഡെഫ് ക്രിക്കറ്റ് അസോസിയേഷൻ ഓഫ് കേരള സംഘടിപ്പിച്ച രണ്ടാമത് ഏകദിന കേരള സോണൽ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് അങ്കമാലി ബൗണ്ടറി ക്രിക്കറ്റ് ഗ്രൗണ്ടിൽ അരങ്ങേറി. ഫൈനലിൽ നോർത്ത് സോൺ ജേതാക്കളായി. സെൻട്രൽ സോണിനാണ് റണ്ണറപ്പ്. സമാപനച്ചടങ്ങിൽ എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് പി ശിവകുമാർ വിജയികൾക്ക് ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്തു.

മികച്ച ബാറ്ററായി നോർത്ത് സോണിലെ ജൂബിൽ എം പി, മികച്ച ബൗളറായി സെൻട്രൽ സോണിലെ എൽദോസ്, പ്ലെയർ ഓഫ് ദ സീരീസായി ജൂബിൽ എം പി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.




*ഡെഫ് ക്രിക്കറ്റ് അസോസിയേഷൻ ഓഫ് കേരള സംഘടിപ്പിച്ച രണ്ടാമത് ഏകദിന കേരള സോണൽ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ജേതാക്കൾക്ക് എറണാകുളം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് പി. ശിവകുമാർ സമ്മാനങ്ങൾ വിതരണം ചെയ്യുന്നു.*

# നിസാൻ മോട്ടോർ ഇന്ത്യയുടെ എസി ചെക്കപ്പ് ക്യാമ്പ്




**കൊച്ചി:** വേനൽക്കാലത്ത് വാഹനങ്ങൾ സജ്ജമാക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനായി നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് രാജ്യവ്യാപകമായി എസി ചെക്കപ്പ് ക്യാമ്പ് ജൂൺ 15 വരെ. ഇന്ത്യയിലുടനീളമുള്ള നിസാന്റെ 125 അംഗീകൃത സർവീസ് കേന്ദ്രങ്ങളിൽ ലഭ്യമാകും. ക്യാമ്പിന്റെ ഭാഗമായി, നിസാന്റെ വിദഗ്ധരായ സർവീസ് പ്രൊഫഷണലുകൾ 12-പോയിന്റ് എസി പരിശോധന നടത്തും. കൂടാതെ, സൗജന്യ ടോപ്പ് വാഷ്, പിക്ക്-അപ്പ് & ഡ്രോപ്പ് സേവനം, വാല്യൂ ആഡഡ് സർവീസുകൾക്കും ലേബർ ചാർജുകൾക്കും 10% കിഴിവ് എന്നിങ്ങനെയുള്ള പ്രത്യേക ഓഫറുകളും ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. 'My Nissan ' ആപ്പ് വഴിയോ നിസാൻ മോട്ടോർ ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ്

വഴിയോ ഉപഭോക്താക്കൾക്ക് സർവീസ് അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

# നവീകരിച്ച ക്വാക്കർ ഓട്സ് വിപണിയിൽ

**കൊച്ചി:** ഇന്ത്യയിൽ ആരോഗ്യകരമായ പ്രഭാതഭക്ഷണ ശീലങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ, പെപ്സിക്കോ ഓട്സ് ബ്രാൻഡായ ക്വാക്കറിന്റെ ബ്രാൻഡ് നവീകരണം പ്രഖ്യാപിച്ചു. വിശ്വസനീയമായ പോഷകാഹാരത്തിനായി നിലകൊള്ളുന്ന ക്വാക്കർ, ബ്രാൻഡ് നവീകരണത്തിലൂടെ ഉപഭോക്താക്കൾക്കുള്ള ദൈനംദിന പോഷകാഹാര തിരഞ്ഞെടുപ്പുകൾ ലളിതമാക്കുന്ന ഈ ഗുണങ്ങളെ മുൻനിരയിലേക്ക് കൊണ്ടുവരുന്നു.

ഇന്ത്യയിൽ 46 ശതമാനം ഉപഭോക്താക്കൾ ഉയർന്ന പ്രോട്ടീൻ ഉള്ള ഭക്ഷണങ്ങളും 32 ശതമാനം പേർ ഉയർന്ന ഫൈബർ ഉള്ള ഭക്ഷണങ്ങളും തിരഞ്ഞെടുക്കുന്നതായി ആഗോള റിസർച്ച് ഏജൻസിയായ മിന്റൽ പഠനം വ്യക്തമാക്കുന്നു.

'ഉപഭോക്താക്കളെയും അവരുടെ ദൈനംദിന ജീവിതത്തിലെ തെരെഞ്ഞെടുപ്പുകളെ മനസ്സിലാക്കിയുമാണ് പെപ്സികോ നവീകരണം നടത്തുന്നതെന്ന് പെപ്സികോ ഇന്ത്യ ഫുഡ്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ സാക്ഷി വർമ്മ മേനോൻ പറഞ്ഞു. 'ക്വാക്കർ ഓട്സിലെ 12 ഗ്രാം സ്വാഭാവിക പ്രോട്ടീനും 33 ശതമാനം ഫൈബറും ഉയർത്തിക്കാട്ടിയാണ് പാക്കേജിംഗ്, പരസ്യങ്ങൾ, ഡിജിറ്റൽ ഉള്ളടക്കങ്ങൾ, ഉപഭോക്തൃ ഇടപെടലുകൾ എന്നിവയിലൂടെ ബ്രാൻഡ് നവീകരണം ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നത്.

